പൊതു വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം
ഹയർ സെക്കന്ററി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം

**Ex.V (2)/25039/ HSE/2020** തീയതി : **14/07/2020**

## പ്രിൻസിപ്പൽമാരുടെ അടിയന്തിരശ്രദ്ധയ്ക്ക്

വിഷയം:- പൊതു വിദ്യാഭ്യാസ വകുപ്പ് - (ഹയർ സെക്കന്ററി - പരീക്ഷാവിഭാഗം) - ഹയർ സെക്കന്ററി ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയ ഫീസ് തിരികെ നൽകുന്ന രീതിക്ക് വ്യത്യാസം വരുത്തുന്നത് - സംബന്ധിച്ച്

സൂചന:- 1. **12/12/2019** ലെ **G.O.(MS)No. 215/2019/GEDN** നമ്പർ സർക്കാർ ഉത്തരവ്.
2. ഈ ഓഫീസിലെ 27/12/19 ലെ **EX.V(2)/25039/HSE/2016** നമ്പർ സർക്കുലർ

ഹയർ സെക്കന്ററി പരീക്ഷകളുടെ പുനർമൂല്യനിർണ്ണയ ഫീസ് തിരികെ നൽകുന്നതിന് നിലവിലെ രീതി റദ്ദ് ചെയ്ത് കൊണ്ടും, അർഹരായ വിദ്യാർത്ഥികൾക്ക് പുനർമൂല്യ നിർണ്ണയ ഫീസ് തിരികെ നൽകുന്നത് സംബന്ധിച്ച് പുതുക്കിയ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും താഴെ പറയും പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

1. ഹയർ സെക്കന്ററി ഉത്തരക്കടാസ്സുകളുടെ പുനർമൂല്യനിർണ്ണയ ഫീസ് അതതു ഗവൺമെന്റ് / എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരുടെ പി.ഡി അക്കൗണ്ടിൽ നിക്ഷേപിക്കുകയും, അർഹരായ വിദ്യാർത്ഥികൾക്ക് പ്രിൻസിപ്പൽ റീഫണ്ട് തുക അനുവദിച്ചു നൽകിയതിനുശേഷം ബാക്കിയുള്ള തുക ബന്ധപ്പെട്ട ശീർഷകത്തിൽ ട്രഷറിയിൽ അടച്ച് രേഖകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലേക്ക് ലഭ്യമാക്കേണ്ടതാണ്.

2. അൺ-എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ഈ വിഷയത്തിൽ നിലവിലുള്ള രീതി തുടരുന്നതാണ്.

ആയതിനാൽ, **2020** ലെ ഹയർ സെക്കന്ററി പരീക്ഷകൾ മുതൽ, ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയ ഫീസ് എല്ലാ ഗവൺമെന്റ്, എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രിൻസിപ്പൽമാരും, വിദ്യാർത്ഥികളിൽ നിന്നും

വാങ്ങി പി.ഡി. അക്കൗണ്ടിൽ നിക്ഷേപിച്ച്, പുനർമൂല്യനിർണ്ണയ ഫലം വന്നതിനുശേഷം, 10 ശതമാനമോ അതിൽ കൂടുതലോ മാർക്ക് വർദ്ധനവ് ലഭിച്ച വിദ്യാർത്ഥികൾക്ക് നിശ്ചിത തീയതികളിൽ, അതാതു ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർ റീഫണ്ട് തുക അനുവദിച്ച് നൽകിയതിനുശേഷം, ബാക്കിയുള്ള തുക **"0202-01-102-97(03)** other receipts" എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടച്ച് രേഖകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലേക്ക് (ഹയർസെക്കന്ററി പരീക്ഷാവിഭാഗം) അയച്ച് തരികയും ചെയ്യേണ്ടതാണ്.

പുനർമൂല്യനിർണ്ണയ ഫീസിന്റെ വിശദവിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും, വിദ്യാർത്ഥികൾക്ക് രസീത് നൽകേണ്ടതുമാണ്.

മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിൽ പറയും പ്രകാരം അൺ-എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ഈ വിഷയത്തിൽ നിലവിലുള്ള രീതി തുടരേണ്ടതാണ്.

ഒപ്പ്

ജോയിന്റ് ഡയറക്ടർ
(പരീക്ഷാവിഭാഗം)